# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1770 — 16.06.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമവും കടാശ്വാസവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമവും കടാശ്വാസവും മിഷൻ 676-ൽ ഉൾപ്പെടുത്തി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾ മിഷൻ-676 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കടാശ്വാസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | മിഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (സി) | മത്സ്യത്തൊഴിലാളി ക്ഷേമ മേഖലയിൽ പ്രവർത്തിച്ചു വരുന്ന മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എസ്.സി.എ.ഡി.സി. തുടങ്ങിയ ഏജൻസികളുമായി കൂടിയാലോചിച്ചാണ് മിഷൻ-676-ൽ ഉൾപ്പെടുത്തിയ പദ്ധതി-കളുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാ-ക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ? | (ഡി) | മിഷൻ-676 സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി പദ്ധതികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി കഴിഞ്ഞു. ഇവയുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പ്രധാനപ്പെട്ട പദ്ധതികളുടെ മോണിറ്ററി-ങ്ങിനായി പ്രത്യേക ഉദ്യോഗസ്ഥരെയും, എല്ലാ പദ്ധതികളുടെയും ഏകോപന-ത്തിനായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്, മോണിറ്ററിംഗ് & ഇവാല്യു-വേഷൻ)-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**മിഷൻ-676 വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം |
| 2 | മത്സ്യ വിപണന കേന്ദ്രങ്ങൾ ആരംഭി ക്കുവാനുള്ള പദ്ധതി |
| 3 | മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദന ബോണസ് |
| 4 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം |
| 5 | മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻ ഷൻ വിതരണത്തി നുള്ള വിഹിതം |
| 6 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ നിധി സഹായത്തോടെ യുള്ള ഭവന പദ്ധതി |
| 7 | ആം ആദ്മി ഭീമയോജന പദ്ധതി<br>(a) മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>(b) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി |
| 8 | മത്സ്യത്തൊഴിലാളി കുട്ടികൾക്ക് എൻട്രൻസ് പരിശീലനം (പുതിയ പദ്ധതി) |
| 9 | മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം |
| 10 | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നല്കി വരുന്ന സഹായങ്ങളുടെ നിരക്ക് വർദ്ധിപ്പി ക്കുക, |
| 11 | മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പ്രസവാനന്തര ചെലവിനായി ധന സഹായം (പുതിയ പദ്ധതി) |

സെക്ഷൻ ഓഫീസർ